# സഹപാഠി



# V.H.S.S.
# KANICHUKULANGARA
# CHERTHALA
# 2019-2020

# ഉള്ളടക്കം


ആമുഖം

മെസ്സേജ് ഓഫ് ഔർ ഹെഡ്മിസ്ട്രസ്

എഡിറ്റോറിയൽ

കേരളപ്പിറവി ആശംസകൾ

ഡിജിറ്റൽ പെയിന്റിംഗ്

കേരളപിറവിദിനം

ശാസ്ത്രവാർത്ത

പാഠശാലയിൽനിന്നും പരിസ്ഥിതിപാഠത്തിലേക്ക്

ആൽക്കെമിസ്റ്റ് ഒരു അവലോകനം

നൊമ്പരം

ഡോക്ടർ എസ് രാധാകൃഷ്ണൻ

എഡിസൺ എന്ന മന്ത്രികവെളിച്ചം

ഗണിതം രസകരം

തത്തമ്മ

വിദ്യാലയം

കണ്ടുകണ്ടലുകളെ ....

ക്വിസ്

മഴ മഴ

കടൽ മൂകസാക്ഷി

ദാറ്റ് പ്ലേസ്

ഡിജിറ്റൽ പെയിന്റിംഗ്

ഔർ ബീട്ടിഫുൾ നേച്ചർ

എ സ്പ്രിങ് ഇൻ ദി പ്രസെന്റ്ഇയർ

പൊതുവിജ്ഞാനം

കടംകഥകൾ

our valuable life is saphire

@@@@@@



OUR MANAGER



ദേവീശരണം

# ആമുഖം

അക്ഷരങ്ങളുടെ മായികലോകത്തേക്ക്


സാങ്കേതീക വിദ്യയുടെ അനന്തവിഹായസിലേയ്ക്ക്

ചുവടുവെക്കുകയാണ് ഈ കുട്ടിപട്ടങ്ങൾ....

വാഗ്ദേവതയെ സ്മരിച്ചുകൊണ്ട്

ഗുരുക്കന്മാരുടെ ആശീർവാദത്തോടെ ഞങ്ങൾ സമർപ്പിക്കുന്നു

*******




"ഒരു ജാതി ഒരു മതം ഒരു ദൈവം
മനുഷ്യന്"



ഞങ്ങളുടെ രക്ഷാധികാരി

# MESSAGE OF OUR H.M.



Mahatma Gandhi has rightly said:"An Education which does not teach us to discriminate between good and bad,to assimilate the one and eschew the other,is a misnomer".

Children of modern age are exposed to a lot of information and distraction which can be either good or bad in influence .The duty of parents and teachers is to include ethical values and cultivating in them a discriminative intellect .Dutiful parents and teachers should not be afraid to enforce discipline because of momentary dislike by children .It is our duty to help children to discriminate what is good and what is bad .Success in life ,very much depends on it .'Little kites' is an innovative venture by our government to inculcate discriminative intellect in the mind of the students. I am extremely proud and happy that our Little Kites Team is ready with their creative output "sahapadi"

Congratulations and best wishes to all .

**Smt. K.P. SHEEBA**

# EDITORIAL

Inspiration is the driving force,behind all well crafted literary works.More than inspiration ,matters commitment that we take ,at the price of our time and energy. The more we spend the more  will be the quality of its output. Iwould like to express our sincere thanks to our H.M,my colleague sindhu teacher,the editorial board, student editors for their effort that led to the succesful completion of this little e-magazine"Sahapadi".

SEENA.S

## Students editors

Aadithyan.M

Gowrinanda

Sravan

Akshaydas

Aadithya prakasan

Arunjith

Aadish

## Editorial board

J. R. Sindhu

Seena. S


കേരളപ്പിറവി
ആശംസകൾ

# DIgital Painting



BY DEVAKRISHNAN

# നവംബർ 1 കേരളംപിറവി ദിനം



1956 നവമ്പർ ഒന്നിനാണ് കേരളം രൂപീകൃതമായത് . പഴയ മലബാർ , കൊച്ചി ,തിരുവിതാംകൂർ പ്രദേശങ്ങൾ ഒത്തുചേർന്നാണ്

കേരളം സംസ്ഥാനമായി നിലവിൽ വന്നത് ഐക്യ കേരളത്തിനു വേണ്ടിയുള്ള മലയാളികളുടെ നീണ്ടകാലത്തെ ആഗ്രഹത്തിന്റെ ഫലമായിരുന്നു അത്

സംസ്ഥാനം രൂപീകരിച്ചിട്ട് 62 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു .സാമ്പത്തിക സാമൂഹിക മേഖലകളിൽ കേരളം ഏറെ മുന്നോട്ട് പോയിരിക്കുന്നു . സാംസ്കാരിക മേഖലയിലും സംസ്ഥാനം അതിന്റെതായ വ്യക്തിമുദ്ര പതിപ്പിച്ചു വരുന്നു

ഓരോ കേരളപിറവിയും നാമോർക്കുന്നതു നവകേരളത്തിനുവേണ്ടിയാണ് ഇന്നിപ്പോൾ എല്ലാ അർത്ഥത്തിലും നവകേരള സൃഷ്ടിക്കായി നമുക്ക് കൈകോർക്കാം .

"കേരളം ...കേരളം ...കേളികൊട്ടുയരുന്ന കേരളം ....."

അതെ ലോകത്തിനു മുഴുവൻ മാതൃകയാവാനുള്ള ഒരു സമൂഹമായി മാറാൻ നമുക്ക് കഴിവുണ്ട് ,അർഹതയുണ്ട്.ചിന്തകളുംപ്രവൃത്തികളുംനല്ലതാകുമ്പോൾ'അടുത്തുനിൽപ്പോരനുജനെ 'നമുക്ക് കാണാൻ ,തിരിച്ചറിയാൻ സാധിക്കുന്നു .അങ്ങനെ ഒരു കണ്ണുനീർത്തുള്ളി മറ്റുള്ളവർക്കായി പൊഴിക്കുക 'വഴി കരുണയുടെയും സ്നേഹത്തിന്റെയും നടവഴികൾ നാം സ്വായത്തമാക്കുന്നു .

സാഹോദര്യത്തിന്റെയും ഒത്തൊരുമയുടെയും കെട്ടുറപ്പിൽ ഒരു നവകേരളം സൃഷ്ടിക്കാൻ ഒരുങ്ങുന്ന ഈ വേളയിൽ കേരളപ്പിറവി ദിനാശംസകൾ കുറിക്കട്ടെ

.....



# ശാസ്ത്രവാർത്ത

## സൗരയൂഥത്തിൽ  ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങളുള്ള ഗ്രഹമേത് ?

ശനിയെ വലം  വെയ്ക്കുന്ന  ഇരുപതു  ഉപഗ്രഹങ്ങളെ കൂടി സ്കോട്ട്  എസ് ഷെയർഡിന്റെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘം കണ്ടെത്തി . അങ്ങനെ ശനിയെ വലയം വെയ്ക്കുന്ന ഉപഗ്രഹങ്ങളുടെ എണ്ണം ഇപ്പോൾ എൺപത്തിരണ്ടായി .
സൗരയൂഥത്തിൽ ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങളുള്ള ഗ്രഹത്തിന്റെ സ്ഥാനം അങ്ങനെ ശനിക്കു ലഭിച്ചു ഉപഗ്രഹങ്ങളുടെ എണ്ണത്തിൽ ശനിയാണ് പുതിയ രാജാവ്  .  പുതുതായി കണ്ടുപിടിച്ച ഓരോ ഉപഗ്രഹത്തിനും അഞ്ചു കിലോമീറ്ററോളം വ്യാസമുണ്ട് .
ഇതിൽ പതിനേഴു ഉപഗ്രഹങ്ങൾ ശനിയെ വലം വെക്കുന്നത് ശനിഭ്രമണം ചെയ്യുന്നതിന്റെ എതിർ  ദിശയിലാണ് . മറ്റു മൂന്നു ഉപ  ഗ്രഹങ്ങൾ ശനിയുടെ അതെ ദിശയിലും വലയം ചെയ്യുനന്ന ഏറ്റവും അടുത്തുള്ള ഉപഗ്രഹങ്ങൾ ശനിയെ വലയം വെയ്ക്കാൻ രണ്ടു വര്ഷത്തോളമെടുക്കും .അകലെയുള്ളവ മൂന്നു വർഷത്തിൽ കൂടുതലെടുക്കും  .

ഉപഗ്രഹങ്ങളുടെ ഭ്രമണപഥം പഠനവിഷയമാക്കി  ഉപഗ്രഹങ്ങളുടെയും ശനിയുടേയും ഉത്ഭവത്തെ കുറിച്ചും അപ്പോഴത്തെ അവസ്ഥയെ കുറിച്ചും മനസിലാക്കാമെന്ന ശാസ്ത്രജ്ഞന്മാർ കരുതുന്നു

*********

# പാഠശാലയിൽനിന്നും പരിസ്ഥിതി

# പാഠത്തിലേയ്ക്ക്

വ്യവസായ വത്കരണത്തിന്റെയും സുഖ കേന്ദ്രികൃത ജീവിതത്തിന്റെയും സാങ്കേതീകത്തികവിന്റെയും
പരിണത ഫലമായ പരിസ്ഥിതി നാശം ജൈവ ആവാസ വ്യവസ്ഥയുടെ തകർച്ചയിലേക്കെത്താൻ അധിക ദൂരമില്ല .

ഓക്സിജൻ പാർലറുകൾ വ്യാപകമാകുന്ന ത്തിനു മുൻപ് തന്നെ പരിസ്ഥിതിക്കായി നമുക്ക് പ്രതിരോധം തീർക്കാം .. പരിസ്ഥിതി സംരക്ഷണം കുട്ടികൾ ഒരു ശീലമാക്കണം . സ്കൂളുകളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഉപേക്ഷിക്കണം നമ്മുടെ നന്മയെ കരുതി വേണം പ്രകൃതിയോട് ഇണങ്ങി ജീവിക്കേണ്ടത് .
മുതിർന്നവരുടെ ഇടപെടലുകളിലൂടെ പ്രകൃതിക്കു ദോഷം ഭവിക്കുന്നത് കണ്ടാൽ കുട്ടുകാരന് തിരുത്തൽ ശക്തിയാകേണ്ടത് . അതുകൊണ്ടു പാഠശാലയിൽ നിന്നും പരിസ്ഥിതി പാഠം ആരംഭിക്കാം .നല്ല ശീലങ്ങളുടെ പരിസ്ഥിതി മാതൃക പാഠശാലയുടെ നന്മയായി ഭവിക്കട്ടെ .....

# ആല്കെമിസ്റ്റ് ഒരു അവലോകനം

പ്രശസ്ത ബ്രസീലിയൻ എഴുത്തുകാരൻ പൗലോ കൊയ്ലോ വളരെ പ്രീശസ്തമായ പുസ്തകമാണ് ആല്കെമിസ്റ് വെറും ഒരുകഥയല്ല ആല്കെമിസ്റ് നമ്മുടെ സ്വാപ്നങ്ങളെ പിന്തുടർന്ന അവയെ

സ്വന്തമാക്കാൻ നമ്മളെ പ്രേരിപ്പിക്കുന്ന ഊർജത്തിന്റെ ഉറവിടം തന്നെയാണ് ആല്കെമിസ്റ്

ആട്ടിന്പറ്റങ്ങളെ മെയ്ച്ചു നടന്നിരുന്ന ഒരു സാദാരണ കുട്ടിയായ സാന്റിയാഗോ

നടത്തുന്ന ഒരു ജീവിതയാത്രയാണ് ഈ കഥ സ്വപ്നത്തിൽ കണ്ട ഒരു നിധി തേടി പോവുകയാണ്

ഈ ബാലൻ യാത്രക്കിടയിൽ അവൻ ഒരു വൃദ്ധനെ കണ്ടുമുട്ടി അയാൾ അവനെ രക്ഷിക്കാൻ പലരൂപത്തിൽ എത്തുമെന്ന് പറയുകയും അവനെ സഹായിക്കാനായി രണ്ടു ദിവ്യശക്തികൾ ഉള്ള കല്ലുകളും നൽകി ആഫ്രിക്കയിലേക്കുള്ള യാത്രക്കിടയിൽ അവൻ ചില്ലുപാത്രങ്ങൾ വിൽക്കുന്ന കടയിൽ എത്തിപെടുകയും അവിടെ ജോലി ചെയ്തു പണം ശേഖരിച്ചു തിരികെപോകാൻ അവൻ തീരുമാനിക്കുന്ന ഏറെ പ്രീതിസന്ധികൾ അവനു നേരിടേണ്ടിവന്നു

എങ്കിലും പിന്നീട് അവൻ തന്റെ സ്വപ്നത്തെ പിന്തുടരാൻ തന്നെ തീരുമാനിച്ചു .

സാന്റിയാഗോ നടത്തുന്ന യാത്രയും അവൻ അനുഭവിക്കുന്ന ദുരിതങ്ങളും പ്രീതിസന്ധികളുമാണ് കഥയിൽ പറയുന്നത് ഈജിപ്തിലേക്ക് അവൻ പോകാൻ

തീരുമാനിക്കുന്ന യാത്രയ്ക്കിടയിൽ ഒരു ഇംഗ്ലീഷ് കാരനെ അവൻ പരിചയപെട്ടു. അദ്ദേഹത്തിൽ നിന്നും അവൻ ആല്കെമിയെ പറ്റി കൂടുതൽ അറിയപ്പെടുകയും ഒടുവിൽ അവന്റെ വിധി അവനെ ഒരു ആല്കെമിസ്റ്റിന്റെ മുന്നിൽ എത്തിക്കുകയും ചെയ്തു നിധി തിരഞ്ഞു അലഞ്ഞു അവൻ ഒടുവിൽ

തൻ യാത്ര ആരംഭിച്ച പള്ളിയിൽ തന്നെ എത്തിച്ചേർന്നു . നിധി കിട്ടിയ അവൻ സ്വയം മറന്നു ഒരു ധൃഷ്ടനോ അത്യാഗ്രഹിയോ ആവുന്നില്ല അവൻ തന്റെ സ്വപ്നങ്ങളെ എത്തിപ്പിടിക്കാൻ

സഹായിച്ചആരെയും മറന്നില്ല . എല്ലാവര്ക്കും ആ നിധിയുടെ ഒരു പങ്കു അവൻ കൊടുത്തു തൻ സ്നേഹിക്കുന്ന പ്രതിമയുടെ അടുത്തയക്ക് പോകാൻ അവൻ തിരുമാനിക്കുന്നതോടെ കഥ അവസാനിക്കുന്നു വായനക്കാരന്റെ ജീവിതത്തെ തന്നെ മാറ്റി മറിക്കുന്ന ഒന്നാണ് ഈ പുസ്തകം

നമ്മുടെ സ്വപ്നങ്ങളെ എത്ര ദുരിതങ്ങൾ നേരിട്ടും നേടിയെടുക്കുവാൻ നമ്മെ അത് പ്രേരിപ്പിക്കുന്നു

ബൈ

ആരതി

# നൊമ്പരം

ഇരുട്ടിലൊരു തേങ്ങലായി ഉയർന്നു
കേളകം നിന്റെ മൗനനൊമ്പരം

ആത്മാവിനെ മുറിപ്പെടുത്തുന്ന
സ്നേഹനൊമ്പരം

ഇടനാഴിയിലെവിടെയോ നഷ്ടമായ
പ്രണയ നിമിഷങ്ങൾ ഓർത്തു നിന്നു

വ്യർത്ഥമാം യാത്രയിൽ ഒരു
മഴത്തുള്ളിപോലെ

നിൻ മുഖം  ഓര്മയിലെവിടെയോ വറ്റിയ ചാലുകളിൽ

കെട്ടിക്കിടക്കുന്നു നിൻ ഓർമ്മകൾ
നഷ്ടസ്വപ്നങ്ങളുമായ് കാത്തിരിക്കുന്നു ഞാൻ

വീണ്ടുമൊരു വസന്തങ്ങൾ തിങ്ങി
നിറഞ്ഞ ജീവിതത്തിനായ്

ഒരു മധുരമായ സ്വപ്നങ്ങൾ
പങ്കുവെയ്ക്കുവാൻ

കാത്തിരിക്കുന്നു  ഞാൻ നിൻ
സ്നേഹസാരവുമായനൊമ്പരം

ഇരുട്ടിലൊരു തേങ്ങലായി ഉയർന്നു
കേളകം നിന്റെ മൗനനൊമ്പരം

ആത്മാവിനെ മുറിപ്പെടുത്തുന്ന
സ്നേഹനൊമ്പരം

ഇടനാഴിയിലെവിടെയോ നഷ്ടമായ
പ്രണയ നിമിഷങ്ങൾ ഓർത്തു നിന്നു

വ്യർത്ഥമാം യാത്രിയിൽ ഒരു
മഴത്തുള്ളിപോലെ

നിൻ മുഖം  ഓര്മയിലെവിടെയോ
വറ്റിയ ചാലുകളിൽ

കെട്ടിക്കിടക്കുന്നു നിൻ ഓർമ്മകൾ
നഷ്ടസ്വപ്നങ്ങളുമായ് കാത്തിരിക്കുന്നു ഞാൻ

വീണ്ടുമൊരു വസന്തങ്ങൾ തിങ്ങി
നിറഞ്ഞ ജീവിതത്തിനായ്

ഒരു മധുരമായ സ്വപ്നങ്ങൾ
പങ്കുവെയ്ക്കുവാൻ

കാത്തിരിക്കുന്നു  ഞാൻ നിൻ
സ്നേഹസാരവുമായനൊമ്പരം

ഇരുട്ടിലൊരു തേങ്ങലായി ഉയർന്നു
കേളകം നിന്റെ മൗനനൊമ്പരം

ആത്മാവിനെ മുറിപ്പെടുത്തുന്ന
സ്നേഹനൊമ്പരം

നാഴിയിലെവിടെയോ നഷ്ടമായ
പ്രണയ നിമിഷങ്ങൾ ഓർത്തു നിന്നു

വ്യർത്ഥമാം യാത്രിയിൽ ഒരു
മഴത്തുള്ളിപോലെ

നിൻ മുഖം  ഓര്മയിലെവിടെയോ
വറ്റിയ ചാലുകളിൽ

കെട്ടിക്കിടക്കുന്നു നിൻ ഓർമ്മകൾ
നഷ്ടസ്വപ്നങ്ങളുമായ് കാത്തിരിക്കുന്നു ഞാൻ

വീണ്ടുമൊരു വസന്തങ്ങൾ തിങ്ങി
നിറഞ്ഞ ജീവിതത്തിനായ്

ഒരു മധുരമായ സ്വപ്നങ്ങൾ
പങ്കുവെയ്ക്കുവാൻ

കാത്തിരിക്കുന്നു  ഞാൻ നിൻ
സ്നേഹസാരവുമായനൊമ്പരം

ഇരുട്ടിലൊരു തേങ്ങലായി ഉയർന്നു
കേളകം നിന്റെ മൗനനൊമ്പരം

ആത്മാവിനെ മുറിപ്പെടുത്തുന്ന
സ്നേഹനൊമ്പരം

ഇടനാഴിയിലെവിടെയോ നഷ്ടമായ
പ്രണയ നിമിഷങ്ങൾ ഓർത്തു നിന്നു

വ്യർത്ഥമാം യാത്രിയിൽ ഒരു
മഴത്തുള്ളിപോലെ

നിൻ മുഖം  ഓര്മയിലെവിടെയോ
വറ്റിയ ചാലുകളിൽ

കെട്ടിക്കിടക്കുന്ന നിൻ ഓർമ്മകൾ
നഷ്ടസ്വപ്നങ്ങളുമായ് കാത്തിരിക്കുന്ന ഞാൻ

വീണ്ടുമൊരു വസന്തങ്ങൾ തിങ്ങി
നിറഞ്ഞ ജീവിതത്തിനായ്

ഒരു മധുരമായ സ്വപ്നങ്ങൾ
പങ്കുവെയ്ക്കുവാൻ

കാത്തിരിക്കുന്ന  ഞാൻ നിൻ
സ്നേഹസാരവുമായനൊമ്പരം

ഇരുട്ടിലൊരു തേങ്ങലായി ഉയർന്ന
കേളകം നിന്റെ മൗനനൊമ്പരം

ആത്മാവിനെ മുറിപ്പെടുത്തുന്ന
സ്നേഹനൊമ്പരം

ഇടനാഴിയിലെവിടെയോ നഷ്ടമായ
പ്രണയ നിമിഷങ്ങൾ ഓർത്തു നിന്ന

വ്യർത്ഥമാം യാത്രിയിൽ ഒരു
മഴത്തുള്ളിപോലെ

നിൻ മുഖം  ഓര്മയിലെവിടെയോ
വറ്റിയ ചാലുകളിൽ

കെട്ടിക്കിടക്കുന്ന നിൻ ഓർമ്മകൾ
നഷ്ടസ്വപ്നങ്ങളുമായ് കാത്തിരിക്കുന്ന ഞാൻ

വീണ്ടുമൊരു വസന്തങ്ങൾ തിങ്ങി
നിറഞ്ഞ ജീവിതത്തിനായ്

ഒരു മധുരമായ സ്വപ്നങ്ങൾ
പങ്കുവെയ്ക്കുവാൻ

കാത്തിരിക്കുന്ന  ഞാൻ നിൻസ്നേഹസാരവുമായ്

............



# DR:എസ്. രാധാകൃഷ്ണൻ

ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ എന്ന സർവേപള്ളി രാധാകൃഷ്ണൻ (സെപ്റ്റംബർ 5, 1888 - ഏപ്രിൽ 17, 1975). ഭാരതീയ തത്ത്വചിന്ത പാശ്ചാത്യർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിലും അദ്ദേഹം ശ്രദ്ധേയമായ പങ്കുവഹിച്ചു. ഇന്ത്യയുടെ രാഷ്ട്രീയ നേതൃനിരയിൽ അപൂർവ്വമായി കണ്ടുവരുന്ന ചിന്തകരുടെ ഗണത്തിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. ഭാരതീയ-പാശ്ചാത്യ ദർശനങ്ങളെപ്പറ്റി രാധാകൃഷ്ണനെഴുതിയ ഗ്രന്ഥങ്ങൾതന്നെ അദ്ദേഹത്തിന്റെ ആഴമേറിയ പാണ്ഡിത്യത്തിന് നിദർശനമാണ്. വിജ്ഞാന മേഖലയിൽ വഹിച്ച പങ്കുകൾ മുൻനിർത്തി ഡോ. രാധാകൃഷ്ണന്റെ ജന്മദിനം ഇന്ത്യയിൽ അദ്ധ്യാപകദിനമായി ആചരിക്കുന്നു.

1954-ൽ അദ്ദേഹത്തിന് ഭാരതരത്ന ബഹുമതി ലഭിച്ചു. ബ്രിട്ടനിൽ നിന്നും നൈറ്റ് ബാച്ചിലർ എന്ന സ്ഥാനം ലഭിക്കുകയുണ്ടായി. ഇന്ത്യ സ്വതന്ത്ര്യയായതിനുശേഷം സർ പദവി രാധാകൃഷ്ണൻ തിരിച്ചേൽപ്പിച്ചു. ഭാരതത്തിന്റെ സംസ്കാരത്തെക്കുറിച്ചുള്ള രചനകൾ മുൻനിർത്തി, ടെംപ്ലേട്ടൺ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

## ജീവിതരേഖ

മദ്രാസിന്(ഇപ്പോൾ ചെന്നൈ) 64 കിലോമീറ്റർ വടക്കുകിഴക്ക് തിരുത്തണി എന്ന സ്ഥലത്തുള്ള ഒരു തെലുങ്ക ബ്രാഹ്മണ കുടുംബത്തിലാണ് രാധാകൃഷ്ണൻ ജനിച്ചത്.

തെലുങ്കായിരുന്നു മാതൃഭാഷ. സർവേപ്പള്ളി വീരസ്വാമിയും,സീതമ്മയുമായിരുന്നു അദ്ദേഹത്തിൻറെ മാതാപിതാക്കൾ. ആറു മക്കളായിരുന്നു ഈ ദമ്പതികൾക്കുണ്ടായിരുന്നത്. ഒരു പെൺകുട്ടിയും അഞ്ച് ആൺകുട്ടികളും. തിരുത്തണി, തിരുവള്ളൂർ, തിരുപ്പതി എന്നിവിടങ്ങളിലായി ബാല്യകാലം ചെലവഴിച്ചു. ഒരു ജമീന്ദാരുടെ കാര്യസ്ഥനായിരുന്നു വീരസ്വാമി.

തിരുത്താണിയിലുള്ള പ്രൈമറി ബോർഡ് വിദ്യാലയത്തിൽ നിന്നുമാണ് പ്രാഥമിക വിദ്യാഭ്യാസം നേടിയത്. ദരിദ്രമായിരുന്നു കുടുംബപശ്ചാത്തലം എങ്കിലും പഠനത്തിൽ സമർത്ഥനായിരുന്നതിനാൽ ലഭിച്ച സ്കോളർഷിപ്പുകളുടെ സഹായത്തോടെ അദ്ദേഹത്തിന് വിദ്യാഭ്യാസം തുടരാനായി . 1896 ൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി തിരുപ്പതിയിലുള്ള ഹെർമാൻസ്ബർഗ് ഇവാഞ്ചലിക്കൽ ലൂഥർ മിഷൻ സ്കൂളിൽ ചേർന്നു. ഉപരിപഠനത്തിനായി വെല്ലൂർ വൂർസ് കോളേജിൽ ചേർന്നുവെങ്കിലും പിന്നീട് അവിടെ നിന്നും മദ്രാസ് ക്രിസ്ത്യൻ കോളേജിലേക്കു മാറി. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ഫിലോസഫി ഐച്ഛികവിഷയമായെടുത്ത് ബി.എ ജയിച്ചു. ബിരുദാനന്തരബിരുദത്തിനു അതേ വിഷയം തന്നെയാണ് തിരഞ്ഞെടുത്തത്. മദ്രാസ് സർവ്വകലാശാലയിൽ നിന്നും ബിരുദാനന്തര ബിരുദം നേടി. ഉയർന്ന മാർക്കുകൾ ഉണ്ടായിരുന്നിട്ടും ഓക്സ്ഫഡ് സർവ്വകലാശാലയിൽ പഠിക്കുവാനുള്ള തന്റെ ആഗ്രഹം കുടുംബത്തിന്റെ അവസ്ഥയോർത്ത് അദ്ദേഹം ബലികഴിക്കുകയായിരുന്നു. വലിയ കൂട്ടുകുടുംബത്തിന്റെ മുഴുവൻ ബാദ്ധ്യതയും രാധാകൃഷ്ണന്റെ ചുമലിലായിരുന്നു.

രാധാകൃഷ്ണൻ തന്റെ പതിനാറാമത്തെ വയസ്സിൽ അകന്ന ബന്ധുകൂടിയായ ശിവകാമു എന്ന പെൺകുട്ടിയെ വിവാഹം ചെയ്തു. അഞ്ചു പെൺകുട്ടികളും, ഒരാൺകുട്ടിയുമുണ്ടായിരുന്നു ഈ ദമ്പതികൾക്ക്. 1956 ൽ രാധാകൃഷ്ണന്റെ ഭാര്യ മരിച്ചു. അദ്ദേഹത്തിന്റെ ഏക മകൻ സർവേപ്പള്ളി ഗോപാൽ അറിയപ്പെടുന്നൊരു ചരിത്രകാരൻ കൂടിയാണ്.

## ഔദ്യോഗിക ജീവിതം

1909 ൽ രാധാകൃഷ്ണൻ മദ്രാസ് പ്രസിഡൻസി കോളേജിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1918 മൈസൂർ സർവ്വകലാശാലയിൽ പ്രൊഫസറായി ഉദ്യോഗക്കയറ്റം ലഭിക്കുകയുണ്ടായി. ഈ സമയത്ത് ആനുകാലികങ്ങളിലും,

പത്രമാസികകളിലും രാധാകൃഷ്ണൻ ധാരാളമായി എഴുതുമായിരുന്നു. ദ ഫിലോസഫി ഓഫ് രബീന്ദ്രനാഥ് ടാഗോർ എന്ന ആദ്യത്തെ പുസ്തകം പൂർത്തീകരിക്കുന്നത് ഈ കാലയളവിലാണ്. തന്റെ രണ്ടാമത്തെ പുസ്തകമായ ദ റീൻ ഓഫ് റിലീജിയൻ ഇൻ കണ്ടംപററി ഫിലോസഫി പൂർത്തിയാക്കുന്നത് 1920 ലാണ്. 1921 ൽ കൽക്കട്ടാ സർവ്വകലാശാലയിൽ ഫിലോസഫി

പ്രൊഫസറായി ചേർന്നു. ഹാർവാർഡ് സർവ്വകലാശാലയിൽ വെച്ചു നടന്ന ഇന്റർനാഷണൽ കോൺഗ്രസ്സ് ഓഫ് ഫിലോസഫി സമ്മേളനത്തിൽ കൽക്കട്ട സർവ്വകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുത്തത് രാധാകൃഷ്ണനായിരുന്നു.

## തത്ത്വശാസ്ത്രലോകത്തേക്ക്

1921-ൽ കൽക്കട്ട യൂണിവേഴ്സിറ്റിയിലെ സുപ്രാധാന തത്ത്വശാസ്ത്ര വിഭാഗത്തിൽ നിയമനം ലഭിച്ചതോടെ ചിന്തകൻ എന്ന നിലയിലുള്ള രാധാകൃഷ്ണന്റെ ജീവിതം പരിപോഷിതമായി. 1926 ജൂണിൽ നടന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിലുള്ള സർവ്വകലാശാലകളുടെ രാജ്യാന്തര സമ്മേളനത്തിൽ കൽക്കട്ട യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ചു. അതേ വർഷം സെപ്റ്റംബറിൽ ഹവാർഡ് സർവ്വകലാശാലയിൽ നടന്ന ഫിലോസഫി കോൺഗ്രസിൽ പങ്കെടുക്കാനും രാധാകൃഷ്ണനു ക്ഷണം ലഭിച്ചു.

1929-ൽ ഓക്സ്ഫഡിലെ മാഞ്ചസ്റ്റർ കോളജിൽ നിയമനം ലഭിച്ചു. വിഖ്യാതമായ ഓക്സ്ഫഡ് സർവകലാശാലയിൽ പഠനങ്ങളവതരിപ്പിക്കാൻ ഈ നിയമനം സഹായകമായി. താരതമ്യ മതപഠനത്തെക്കുറിച്ച് ഓക്സ്ഫഡിൽ അദ്ദേഹം സ്ഥിരമായി പ്രഭാഷണങ്ങൾ നടത്തി. 1931-ൽ ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തിന് നൈറ്റ് ബഹുമതി നൽകി. അതോടെ സർ

സർവേപ്പള്ളി രാധാകൃഷ്ണൻ എന്നറിയപ്പെട്ടു തുടങ്ങി. പാശ്ചാത്യ തത്ത്വശാസ്ത്രജ്ഞരിൽ ദൈവശാസ്ത്രത്തിന്റെ സ്വാധീനം അധികമാണെന്നായിരുന്നു രാധാകൃഷ്ണന്റെ ശ്രദ്ധേയമായ വാദം. ഈ സ്വാധീനം അവരെ പക്ഷപാതികളാക്കിയതായും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

ഭാരതീയ ദർശനങ്ങൾ പാശ്ചാത്യ തത്ത്വശാസ്ത്രങ്ങളോടു കിടപിടിക്കുന്നതാണെന്ന് വിവിധ വേദികളിൽ ചൂണ്ടിക്കാണിച്ചു. വാസ്തവത്തിൽ ഭാരതീയ ദർശനങ്ങളെപ്പറ്റി പാശ്ചാത്യർ അന്വേഷിച്ചു തുടങ്ങിയത് രാധാകൃഷ്ണനു ശേഷമാണ്.

## ഇന്ത്യയുടെ നേതൃത്വത്തിൽ

1952 ൽ സർവേപള്ളി രാധാകൃഷ്ണൻ ഇന്ത്യയുടെ ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു. ദേശീയവും അന്തർദ്ദേശീയവുമായി ധാരാളം ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ഒരു വ്യക്തി ഉപരാഷ്ട്രപതി സ്ഥാനത്തെത്തുന്നത് ഇതാദ്യമായായിരുന്നു. 13 മെയ് 1962 ൽ രാധാകൃഷ്ണൻ ഇന്ത്യയുടെ രാഷ്ട്രപതിയായി സ്ഥാനമേറ്റു. ലോക തത്ത്വശാസ്ത്രശാഖക്ക് ലഭിച്ച് അംഗീകാരം എന്നാണ് ബെർട്രാൻഡ് റസ്സൽ രാധാകൃഷ്ണനു ലഭിച്ച ഈ രാഷ്ട്രപതി പദവിയെ വിശേഷിപ്പിച്ചത്. അഞ്ചു വർഷം അദ്ദേഹം ആ സ്ഥാനത്തെ അലങ്കരിച്ചു.

നമ്മുടെ അധ്യാപകർ എല്ലാ ദിവസവും പറയുന്ന കാര്യമാണ് നോട്ടുകളും പുസ്തകങ്ങളും സൂക്ഷികാണാമെന്നു നമ്മളിൽ പുസ്തകങ്ങളും ഒന്നോ രണ്ടോ പേർ മാത്രമേ അത് അനുസരിക്കുന്നുള്ളൂ എല്ലാവരും അത് അനുസരിക്കണം അവയുടെ പുറം ഭാഗം മാത്രം സൂക്ഷിച്ചാൽ പോര അതിനുള്ളിലെ എഴുത്തും വൃത്തിയുള്ളതായിരിക്കണം നാം പുസ്തകങ്ങൾ പെട്ടെന്നു ബാഗിലേക്കു വെയ്ക്കുമ്പോൾ അവ ചുളുങ്ങിയും

മടങ്ങിയും പോകാറുണ്ട് വളരെ സാവധാനം പുസ്തകങ്ങൾ ബാഗിനുള്ളിലേക്കു കയറ്റി വെയ്ക്കണം നമ്മളെ ആരെങ്കിലും ഉപദ്രവിച്ചാൽ നമ്മുക്ക് വേദനയെടുക്കില്ലേ അതുപോലെ തന്നെയാണ് പുസ്തകങ്ങൾക്കും എന്ന് കരുതുക .അപ്പോൾ നമ്മുക് അത് കീറുവാൻ ടോണുകയില്ല പുസ്തകങ്ങളും അവയില്ലേ അക്ഷരങ്ങലും സരസ്വതി ദേവിയാണ് . അതുകൊണ്ടു പുസ്തകങ്ങൾ വലിച്ചെറിയുന്നത് ദേവിയെ നമ്മുടെ

മനസ്സിൽനിന്ന് പറിച്ചെറിയുന്നതിനുതുല്യമാണ്

ഓർക്കുക വിദ്യ ഒരു നിധിയാണ് അതിലെ വൈരക്കല്ലുകളാണ് പുസ്തകം അവയെ നമ്മൾ


നമ്മുടെ ഹൃദയത്തിന് തുല്യം സ്നേഹിച്ചാൽ നമ്മുടെ പഠനം പൂർണമായും നല്ലതാകും

നമ്മുക്ക് ഉയർന്നനിലയിൽ എത്താനുള്ള വജ്രായുധങ്ങളാണ് പുസ്തകങ്ങളും ബുക്കുകളും

ബൈ

അരുൺജിത്

# എഡിസൺ എന്ന മാന്ത്രികവെളിച്ചം



**1868-ൽ എഡിസൺന്യൂയോർക്കിലേക്ക് മാറി.കണ്ടുപിടുത്തങ്ങൾ നടത്തുന്നത് തുടർന്നു.വീട്ടുകളിൽഉപയോഗിക്കാവുന്ന വിളക്കിലായി അദ്ദേഹത്തിന്റെ ശ്രദ്ധ. ആ സമയത്ത് പലരും വൈദ്യുതിബൾബ്കൾ ഉണ്ടാക്കാൻ ശ്രമിച്ചെങ്കിലും അതൊന്നും പ്രായോഗികമായിരുന്നില്ല. ചിലവ്കുറഞ്ഞ എള്ളുപത്തിൽ ഉപയോഗിക്കാവുന്ന,അപകടരഹിതമയ വിള്ളക്ക്,അതാണ് എഡിസൺ കണ്ടുപിടിച്ചത്.വിളക്കിൻെറ ഫിലമെൻറിന് ഏതു വസ്തു ഉപയോഗിക്കും 14 മാസത്തോളം മാറി മാറി പലസ്തുക്കളും പരിശോധിച്ചു. ഒടുവിൽ കരിച്ചെടുത്ത നൂലുകൊണ്ട് ഫിലമെന്റുണ്ടാക്കി തന്റെ വൈദ്യുതിബൾബുകൾക്ക് ജീവൻ നൽകി.**

**1879-ഡിസംബറിൽ എഡിസൺ വൈദ്യുതിവിളക്ക് പ്രദർശിപ്പിച്ചു. പേൾ സ്ട്രീറ്റിലാണ് അദ്ദേഹം ആദ്യത്തെ വൈദ്യുതോൽപാദന കേന്ദ്രം സ്ഥാപിച്ചത്.**

# ഗണിതം രസകരം

$$1+2+3+.......n=\frac{n(n+n)}{2}$$

$$1^3=1=1^2$$

$$1^3+2^3=9=(1+2)^2$$

$$1^3+2^3+3^3=36=(1+2+3)^2$$

$$1^3+2^3+3^3+4^3=100=(1+2+3+4)^2$$

$$1^3+2^3+3^3+4^3+5^3=225=(1+2+3+4+5)^2$$

$$1^3+2^3+3^3+4^3+5^3+6^3=261=(1+2+3+4+5+6)^2$$

**AADITHYAN.M**

# തത്തമ്മ

എന്നുടെ വീട്ടിലുമുണ്ടല്ലോ.....
ചേലേറുന്നൊരു തത്തമ്മ
ഭാഷകൾ പറയും തത്തമ്മ
ചുണ്ടുചുവന്നൊരു തത്തമ്മ
പാട്ടുകൾ പാടും തത്തമ്മ
ചിറക് വിടർത്തും തത്തമ്മ
കൂകി വിളിക്കും തത്തമ്മ
സുന്ദരിയാമൊരു തത്തമ്മ

**by**

ഗൗരിനന്ദ.ജി

# വിദ്യാലയം

ഒരു നല്ല മലർവാടിയാണെൻ വിദ്യാലയം
അതിലൊരു നറുമലരാണല്ലോ വിദ്യാലയം
ഈ മലർവാടി ചൊരിയുന്ന നറുമണം
നാടെങ്ങും പടർന്നു പരിലസിക്കുന്നു
മലർവാടിതൻ കാന്തി ഉയർത്തുവാനായ്
തേന്മാവും,സപ്പോർട്ടയും കേരവൃക്ഷവും
അതിസുന്ദരമാം കായ്ക്കനിത്തോട്ടവു മതിൽ
വെണ്ടയും പയറും വഴുതനയും ചീരയും
ആടിയും പാടിയും ഉല്ലസിക്കുന്ന ഞങ്ങളും
നേർവഴിക്കു നയിക്കുന്ന ഞങ്ങളുടെ
ഗുരുക്കന്മാരും സൗരഭ്യം പടർത്തി
ഇനിയും വിടരട്ടെ
നന്മകൾ ആയിരം പൂമൊട്ടുകളായീ വാടിയിൽ

**by**

ശിവനാരായണൻ

# കണ്ടോ ..കണ്ടലുകളെ

ആർത്തലച്ചുവരുന്ന തിരമാലകളിൽനിന്നും കൊടുംകാറ്റി-നിന്നും കാക്കുന്ന രക്ഷകരാണ് കണ്ടൽക്കാടുകൾ. കരയിലും വെള്ളത്തിലും കാലുകളൂന്നിക്കഴിയുടെ പ്രകൃതിയുടെ ശ്വാസ-കോശം എന്നാണ് വിശേഷിപ്പിക്കാറുള്ളത്. ഓരുവെള്ളം കയറിയിറങ്ങുന്ന ജലാശയങ്ങളുടെ തീരത്താണ് കണ്ടൽച്ചെ-ടികൾ കണ്ടുവരുന്നത്. കൊടുംചൂട്,ചെളി,ഉപ്പുവെള്ളം തുടങ്ങിയ പ്രതികൂലസാഹചര്യങ്ങളെ നേരിടാനുള്ള അസാ-ധാരണ കഴിവ് കണ്ടലുകൾക്കുണ്ട്. ലവണാംശംകൂടുതലുള്ള നദീമുഖങ്ങൾ,അഴിമുഖങ്ങൾ,ചതുപ്പുനിലങ്ങൾ എന്നിവിടങ്ങളിൽ കണ്ടുവരുന്ന ഹാലോഫൈറ്റ് സസ്യങ്ങളാണ് കണ്ടലുകൾ.

By

ആദിത്യൻ.എം

# QUIZ

1. ഇന്ത്യയടെ രണ്ടാമത്തെ ചാന്ദ്രദൗത്യത്തിന്റെ പേരെന്ത്?

ഉത്തരം. ചന്ദ്രയാൻ-2

2.ചെകിളപ്പൂക്കൾ മത്സ്യത്തിന് എന്തിനാണ്പ്രയോജനപ്പെടുന്നത്

ഉത്തരം.ശ്വസിക്കാൻ

3.ലോകരക്തദാനദിനം എന്ന്?

ഉത്തരം.ജൂൺ 14

4.പല്ലിന്റെ നിർമിതിയിലെ പ്രധാനഘടകം എന്ത്?

ഉത്തരം.ഡെന്റീൻ

5.അയഡിൻ ടെസ്റ്റ് ഉപയോഗിക്കുന്നത്?

ഉത്തരം.കൊഴുപ്പ് തിരിച്ചറിയാൻ

by

അക്ഷയ് ദാസ്

# മഴ മഴ

മഴമഴമഴമഴ  എന്തുരസം

മനവും  മിഴിയും ഉണരുന്നു

പുരയിടമെല്ലാം  പുതുവെള്ളം

പുഴയും  വയലും  കവിയുന്നു

പുങ്കുളിരെങ്ങും  പടരുന്നു

പുളകംപെയ്യും  പുതുമഴയിൽ

കളിയാടാൻകൊയാവുന്നു


by

ശ്രാവൺ.ജെ

# കടൽ മൂകസാക്ഷി

ഹാർട്ട് റ്റ ഹാർട്ട് മെന്റൽ ആശുപത്രിയുടെ കാത്തിരുപ്പ് മുറിയിൽ ഇരുന്നപ്പോൾ ഒന്ന് മയങ്ങിപോയി ഒരു സ്വപ്നം പോലെ കഴിഞ്ഞാക്കാലം മനസ്സിൽ വന്നു .അജാംക്ലാസ് മുതൽ ഒരു സ്കൂളിൽ ഒരുമിച്ച് പഠിച്ച കുട്ടുകാർ രാജീവും അരുണം . രാജീവിന്റെ അനിയത്തി അരുണിന്റെയും അണിയായിരുന്ന അവളെ സ്നേഹിക്കാൻ അവർ മത്സരിച്ചു ഒഴിവുസമയങ്ങളിൽ കടൽ കരയിൽ പോയിരുന്നു വർത്തമാനം പറയാൻ അവർക്കു ഇഷ്ട്ടമായിരുന്നു . ഒരു ഒഴിവുദിവസ്സം മിക്കപ്പോഴും ചെയ്യാറുള്ളത് പോലെ അവർ കടൽത്തീരത്തേക്കു പോയി അവിടെ അമ്മു ഒരു കുഞ്ഞിപ്പൂവിന്റെ ശില്പം തീർത്തു അരുണം രാജീവും സംസാരിച്ചുകൊണ്ടിരിക്കെ അവൾ ഓടിവന്നു രാജീവിന്റെ കൈയിൽ പിടിച്ചു . ഏഴുവയസ്സുകാരിയുടെ സംസാരത്തിൽ അവരും ചേർന്നു .നോക്കിനിൽക്കേ അവൾക്കടൽപ്പാലത്തേക്കു ഓടിക്കയറി . അവിടേക്കു എത്തിയപ്പോൾ അവൾ ചൂണ്ടികാണിച്ച സിന്ധുരം ചാർത്തി കടലിൽ മുങ്ങിക്കുളിക്കാൻ ഒരുങ്ങിനിൽക്കുന്ന സൂര്യനെ ചൂണ്ടി അവള്പറയാൻ തുടങ്ങിയപ്പോൾ പെട്ടന്ന് അവൾ നിന്നുനിരുന്ന കല്ലിളകി അവൾ വീഴാൻ തുടങ്ങിയപ്പോൾ അവൾ അരുണിന്റെ കൈകളിൽ

അവളുടെകൈകളെ കുട്ടിപിടിച്ചേഗ്ഗിലും ദൈവവും വിധിയും ആ കൈകളെ അടർത്തിമാറ്റി ഒരു അലർച്ചയോടെ അവളെ തിരമാലകൾഏറ്റടുത്തപ്പോൾ    നിറഞ്ഞകണ്ണുകളുമായി  തരിച്ചു നിൽക്കാനേ അവർക്കായൊള്ളു എവിടെനിന്നൊക്കയോ

ഒരു ബെഞ്ചിൽ ചലനമില്ലാതെ രാജീവ് ഇരിക്കുന്നു ആരൊക്കെ വിളിച്ചെട്ടും അനങ്ങില്ല പക്ഷെ അരുൺ

കയറി പിടിച്ചതും അവൻ ഒന്ന് ഞെട്ടി പിന്നെ ഭ്രാന്തമായി എന്തോക്കയോ കാണിക്കാൻ തുടങ്ങി ഡോക്ടർ വന്നുവിളിച്ചപ്പോഴാണ് രാജീവ് ഉണർന്നത് അടുത്തിരുന്ന അമ്മുവിന്റെ കൈപിടിച്ച് മുറിക്കുള്ളിലേക്ക് നടന്നു അവിടെ കട്ടിലിൽ ആരെയും തിരിച്ചറിയാതെ ഇരിക്കുകയായിരുന്നു രാജീവ് അവനെയും കൂട്ടികൊണ്ട് അവർ കടൽത്തീരത്തേക്കു ചെന്ന് അവളുണ്ടാക്കിയ സ്ഥാനത്തു കൈകോർത്തു നില്ക്കുന്ന മുന്ന് കുട്ടികളുടെ ശില്പം സ്നേഹം തിരിച്ചു നൽകി അവരെ ഒന്നിപ്പിച്ചു .എല്ലാത്തിനും കടൽ മൂകസാക്ഷി .

.....................

# *That place*

*I want to be at that place*
*where the land kisses the sky*
*I want to be at that place*
*where the sky is playing with colours*
*I want to be at that place*
*where dad’s shoulders were the highest place*
*I want to be at that place*
*where mom’s lap was the best couch*
*I want to be at that place*
*where Aladdin and sinbad were real*
*I want to be at that place*
*where holidays were like festivals*
*I want to be at that place*
*where i could be a child again*

***NANDHANA***

# Digital paintings




by

VAISHNAV.S.KUMAR



**by**

**devakrishnan**



# OUR BEAUTIFUL NATURE

How beautiful the nature is
when a flower blooms
our heart glows
when a flower dries
our heart tries
when the branch of a tree
dances in the air
our mind also dance with it
when a bud grows in a plant
our mind also grows
our mind also grows with it.

**Adish**

# A spring in the present year

O beautiful spring
O beautiful spring
what a pleasant thought you bring on a day
so many flowers in the way

O what a wonder
in this thunder
O spring
what you bring

In the world
not so cold
a man plucking flower
from a bower

O spring where you gone?
We are searching the way you have gone
why are you lament
and why are you making us lament

Arunjith

# പൊതുവിജ്ഞാനം

**കേരളത്തിൽ ആകെയുള്ള താലൂക്കുകളെത്ര ?**

**75**

**കേരളത്തിന്റെ സംസ്ഥാനപക്ഷി ?**

**മലമുഴക്കി വേഴാമ്പൽ**

**കേരളത്തിന്റെ സംസ്ഥാന മൽസ്യം ?**

**കരിമീൻ**

**കേരളത്തിന്റെ സംസ്ഥാനമൃഗം ?**

**ആന**

**കേരളത്തിന്റെ സംസ്ഥാനപുഷ്പം ?**

**കണിക്കൊന്ന**

**കേരളത്തിൽ എത്ര നദികളുണ്ട് ?**

**നാല്പതിനാല്**

**കേരളത്തിന്റെ ഏറ്റവും ചെറിയ നദി ?**

**കേരളത്തിന്റെ വടക്കേ അറ്റത്തുള്ള മഞ്ചേശ്വരം**

**kerala സംസ്ഥാനം രൂപം കൊണ്ടത് ?**

**1956 നവംബർ 1**

# കടംകഥകൾ

**ഇലയില്ലവള്ളികളിൽ പൂവില്ല കായ്**

**.തലമുടി**

**എത്രകത്തിയാലും കെടാത്ത**

**. സൂര്യൻ**

**കണ്ടാൽ വാദി തിന്നാൽ മധുരം**

**.കരിമ്പ്**

**ഉര്ട്ടം പിരാട്ടം എടുക്കാൻ വയ്യ**

**.കണ്ണ്**

**അമ്മയെ കുത്തി മകൻ മരിച്ചു**

**.◌ൊള്ളി**

**മാനത്തെ കുമ്പളങ്ങായിക്ക് പിടിക്കാൻ ഞെട്ടില്ല**

**.ചന്ദ്രൻ**

**അവിടെക്കണ്ടു ഇവിടെക്കണ്ടു പിന്നെ നോക്കുമ്പോ**

**കണ്ടില്ല**

**. മിന്നൽ**

**കണ്ടാൽ മധുരമെന്നു തോന്നും തിന്നാൽ കയ്ക്കും**

**. നെല്ലിക്ക**

●●●

# OUR VALUABLE LIFE IS A

# SAPHIRE

**IN OUR LIFE EVERYTHING IS A MAGIC**
**IF YOU THINK POSITIVELY ,**
**YOUR SOUND BECOMES MUSIC.....**
**YOUR LEGS START TO DANCE.........**

നന്ദി